9-ാം വർഷം

2025 മാർച്ച് 30

നോമ്പ് അഞ്ചാം ഞായർ

Laity Reflect on SYRO-MALABAR SUNDAY MASS SCRIPTURE READINGS

നമുക്ക് പ്രകാശത്തെ അനുഗമിക്കാം

ഉല്പത്തി 16:6-16, ജോഷ്വാ 9:16-27, റോമാ 12:1-11ാ യോഹ 7:37-39, 8:12-20

പ്രശസ്ത ശാസ്ത്രജ്ഞൻ ആയിരുന്ന E.O. Wilson, മനുഷ്യന്റെ ഇന്നത്തെ പ്രതിസന്ധിയെപ്പറ്റി പറയുന്ന ഒരു വാചകം ഉണ്ട്: "We have paleolithic emotions, medieval institutions and godlike technology. And it is terrifically dangerous." പ്രാചീനകാലത്തെ വികാരങ്ങളും മധ്യകാലഘട്ടത്തിലെ സ്ഥാപനങ്ങളും ആധുനികകാലത്തെ സാങ്കേതിക വിദ്യയും ചേരുമ്പോൾ ഉണ്ടാകുന്ന വൈരുധ്യം ആണ് വിൽസൺ ഇവിടെ വിവക്ഷിക്കുന്നത്. ശാസ്ത്രസാങ്കേതിക വിദ്യയുടെയും, വിഭവശേഷിയുടെയും സാമ്പത്തിക പുരോഗതിയുടെയും ഒക്കെ പാരമ്യത്തിൽ നിൽക്കുമ്പോളും മനുഷ്യരാശി ഇന്ന് അനേകം പ്രശ്നങ്ങളുടെ നടുവിലും ആണ്. എല്ലാം ഉണ്ടെങ്കിലും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും സമാധാനത്തിന്റെയും ഒരു ലോകം സൃഷ്ടിക്കുന്നതിൽ എന്ത് കൊണ്ടാണ് നാം പരാജയപ്പെടുന്നത്? എവിടെയാണ് മനുഷ്യന് കാലിടറുന്നത്? നമ്മൾ നമ്മിലേക്ക് നോക്കുന്ന ഈ നോമ്പുകാലത്തു വളരെ പ്രസക്തമായ ചില ചോദ്യങ്ങളാണ് ഇവ.

ദാഹങ്ങളുടെ മനുഷ്യൻ

തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റു നിന്ന് ശബ്ദമുയർത്തി പറഞ്ഞു: 'ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവർ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവരുടെ ഹൃദയത്തിൽ നിന്ന് വിശുദ്ധ ലിഖിതം പ്രസ്താവിക്കുന്നത് പോലെ ജീവജലത്തിന്റെ അരുവികൾ ഒഴുകും' (യോഹ 7:37-38). പലതരം ദാഹങ്ങളിൽ ഉഴലുന്ന ജീവിയാണ് മനുഷ്യൻ. അറിവിനും അധികാരത്തിനും വസ്തുക്കൾക്കും സുഖഭോഗങ്ങൾക്കും ഒക്കെ വേണ്ടിയുള്ള

ബോബി ജോർജ്

അടങ്ങാത്ത ഒരു ഓട്ടപ്പാച്ചിലിൽ ആണ് അവൻ. നമുക്കറിയാം, ആഗ്രഹങ്ങളാണ് മനുഷ്യനെ മുന്നോട്ടു നയിക്കുക. പക്ഷെ മനുഷ്യൻ അവന്റെ ആഗ്രഹങ്ങളുടെ പരമമായ ലക്ഷ്യം സ്വന്തം സ്വാർത്ഥതയുടെയും അഹങ്കാരത്തിന്റെയും പൂർത്തീകരണം മാത്രമാക്കി മാറ്റുമ്പോൾ ആണ്, ജീവിതം താളം തെറ്റാൻ തുടങ്ങുന്നത്. തങ്ങളുടെ സഹജീവികളുടെ ജീവിതങ്ങളെ കൂടി മെച്ചപ്പെടുത്താനായി ഇവയെല്ലാം ഉപയോഗിക്കപ്പെടുന്ന ഒരു അവസ്ഥയിൽ ആണ് ഭൂമിയിലെ ജീവിതം മനോഹരമാവുക.

ചരിത്രം നമ്മെ വേറൊന്നു കൂടി പഠിപ്പിക്കുന്നുണ്ട്. അത് മനുഷ്യന്റെ അന്തമില്ലാത്ത ആഗ്രഹങ്ങളും സ്വാർത്ഥതയും വിതച്ച നാശത്തിന്റെ കഥയാണ്. മനുഷ്യന്റെ അവസാനം ഇല്ലാത്ത മോഹങ്ങൾ ഭൂമിയെ നശിപ്പിച്ചതിന്റെയും സഹജീവികളെ കൊന്നൊടുക്കിയതിന്റെയും കഥ. എന്ത് കൊണ്ടാണ് നമ്മൾ ഇപ്പോഴും യുദ്ധം ചെയ്തു കൊണ്ടിരിക്കുന്നത്? എന്തുകൊണ്ടാണ് ഭക്ഷണവും സമ്പത്തും ആവശ്യം പോലെ ഉണ്ടായിട്ടും ലോകത്തു കോടിക്കണക്കിനു മനുഷ്യർ പട്ടിണിയിൽ ആയിരിക്കുന്നത്? ലോകത്തിന്റെ ആകർഷണങ്ങളോട് അങ്ങേയറ്റം ദാഹം കാണിച്ച മനുഷ്യൻ ഇന്ന് ചരിത്രത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിൽ ആണ് നിൽക്കുന്നത്. ഇന്നിപ്പോൾ നിർമ്മിത ബുദ്ധിയുടെ (Artificial Intelligence) കാലമാണ്. യന്ത്രങ്ങൾ കൂടുതലായി മനുഷ്യരെപ്പോലെ ആകുന്നു. ഇവിടെ ഉള്ള ഒരു പ്രശ്നം, യന്ത്രങ്ങൾ മനുഷ്യരെപ്പോലെ ആയപ്പോൾ, മനുഷ്യൻ കൂടുതലായി യന്ത്രങ്ങളെ പോലെ ആയി എന്നുള്ളതാണ്. മറ്റു ജീവിതങ്ങളോട് സഹാനുഭൂതി എന്ന ചിന്ത നാം എവിടെയോ ഉപേക്ഷിക്കുന്നുണ്ടോ?

നമ്മുടെ ദാഹങ്ങൾ ലോകത്തിന്റെ പ്രലോഭനങ്ങളിൽ മാത്രം ഒതുക്കുമ്പോഴാണ് ജീവിതത്തിനു ഒരർത്ഥവും ഇല്ല എന്ന് ഒടുവിൽ തോന്നുക. നമ്മുടെ ആഗ്രഹങ്ങളെ ഉന്നതമായ ഒന്നിലേക്ക് തിരിച്ചു വിടേണ്ടതുണ്ട്.

ജീവിതത്തിന്റെ അർത്ഥവും, ലക്ഷ്യവും തേടുന്ന മനുഷ്യന്റെ ദാഹം കണ്ട ഒരാൾ യേശുവായിരുന്നു. തന്റെ കൈവശം ഉള്ള ജീവജലത്തെപ്പറ്റി ഉറച്ച ബോധ്യമുള്ള ഒരാൾക്കേ ഇങ്ങനെ പറയാൻ പറ്റൂ. അപരനെക്കുറിച്ചു കരുതലുള്ള മനുഷ്യർ ഇവിടെ ഉണ്ടായി വന്നില്ലെങ്കിൽ നമ്മുടെ പുരോഗതി അർഥശൂന്യമാണ്. എല്ലാവരും ഒരുമിച്ചു ജയിക്കേണ്ട ഒരു ഗെയിം ആണ് ജീവിതം. യേശുവിൽ ദാഹം മാറ്റുന്നവൻ, എല്ലാവരിലേക്കും ജീവജലം ഒഴുക്കാൻ കെൽപ്പുള്ളവൻ ആയിരിക്കും.

കടലിനെ കണ്ടെത്തുമ്പോൾ

ഓരോ മനുഷ്യനും അവനവനിലേക്ക് ചുരുങ്ങുന്ന ഒരു കാലം കൂടിയാണിത്. സെൽഫി ഒക്കെ വന്നതോടു കൂടി സ്വന്തം ചിത്രം പകർത്താൻ പോലും ആരുടേയും സഹായം ആവശ്യമില്ല എന്നായി. സോഷ്യൽ മീഡിയ ഉണർത്തി വിട്ട വലിയ തരംഗം ആത്മരതിയിൽ അഭിരമിക്കുന്ന ഒരു സമൂഹത്തെ തന്നെ സൃഷ്ടിച്ചു. നമ്മൾ ആരെയെങ്കിലും അനുഗമിക്കേണ്ട ആവശ്യമുണ്ടോ എന്ന ചോദ്യം അവിടെ ഉയർന്നു. ഈ സാഹചര്യത്തിൽ ആണ് യേശു ഇന്ന് നമ്മോടു പറയുന്നത്, "ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല".

അവനവനിൽ തന്നെ എല്ലാം പൂർണമായി എന്ന് കരുതുന്ന സമൂഹത്തിനു അനുകരിക്കാൻ ആരെയും ആവശ്യം കാണില്ല. അവിശ്വാസിയെ സംബന്ധിച്ചിടത്തോളം, ദൈവം എന്ന റഫറൻസ് പോയിന്റ് അപ്രസക്തമാണ്. ഇതിനെപ്പറ്റി ചെസ്റ്റർട്ടൻ (G.K. Chesterton) നടത്തുന്ന രസകരമായ ഒരു നിരീക്ഷണം ഉണ്ട്. ദൈവത്തിൽ ഒരാൾ വിശ്വസിക്കാതിരിക്കുമ്പോൾ അയാൾ പിന്നെ ഒന്നിലും വിശ്വസിക്കാത്ത ഒരാൾ ആയി മാറുന്നില്ല. നേരെ മറിച്ചു, എന്തിലും വിശ്വസിക്കുന്ന ഒരാൾ ആയി മാറുന്നു. (When men choose not to believe in God, they do not thereafter believe in nothing, they then become capable of believing in anything.) ചുറ്റും നോക്കിയാൽ ഇത് നമുക്ക് വളരെ വ്യക്തമായി മനസ്സിലാക്കാൻ സാധിക്കും. ഏതു പ്രത്യയശാസ്ത്രത്തിനും ഗുരുവിനും പിന്നാലെ പോകാൻ റെഡി ആയിരിക്കുന്ന ഒരു സമൂഹം ഉണ്ട്. അതുപോലെ ഉള്ള ഒരു സമൂഹത്തിന്റെ മുന്നിലേക്കാണ് സത്യത്തിന്റെയും നീതിയുടെയും സ്നേഹത്തിന്റെയും ഉദാത്തമായ ഒരു മാതൃകയായി യേശു അവതരിക്കുന്നത്. സ്വന്തം വഴിയെക്കുറിച്ചു അങ്ങേയറ്റം ആത്മവിശ്വാസം ഉള്ള ഒരു നേതാവിന് മാത്രമേ, തന്നെ അനുഗമിക്കൂ എന്ന് ധൈര്യപൂർവ്വം പറയാൻ പറ്റുകയുള്ളൂ. ക്രിസ്തുവിനു ഉണ്ടായിരുന്നത് ആ ചങ്കുറപ്പായിരുന്നു. എന്റെ അടുക്കൽ വന്നു കുടിക്കൂ എന്നു പറഞ്ഞതും ആ ചങ്കുറപ്പിന്റെ പ്രതിഫലനം ആയിരുന്നു. സമ്പത്തും ലോകത്തിന്റെ അധികാരവും ഇല്ലായിരുന്നു എങ്കിലും തന്നെ അനുഗമിക്കുന്നവന് അന്ധകാരത്തെ ഭയക്കേണ്ടി വരില്ല എന്ന് യേശുവിനു അറിയാമായിരുന്നു. കണ്മുന്നിൽ കാണുന്ന എന്തിനെയും അനുഗമിക്കാൻ തയ്യറായിരിക്കുന്ന മനുഷ്യന്റെ മുന്നിലേക്കാണ് തന്നെ അനുഗമിക്കുക എന്ന വെല്ലുവിളി യേശു ഉയർത്തുന്നത്.

നമ്മൾ എളിമയുള്ളവർ ആകുന്നതു നമ്മൾ ചെറുതായതു കൊണ്ട് മാത്രം ആകണമെന്നില്ല. മറിച്ച് നമ്മെക്കാളും വലിയ ഒന്നിനെ നാം കണ്ടെത്തുമ്പോഴാണ് അത് സംഭവിക്കുന്നത് . ശ്രേഷ്ഠമായ ഒന്നിന്റെ മുന്നിൽ ചെറുതാകുമ്പോൾ ഉണ്ടാകുന്ന ഒരു സന്തോഷം ഉണ്ട്. അത് നമുക്ക് ചെന്ന് ചേരാൻ പറ്റിയ ഒരു കടലിനെ കണ്ടെത്തുന്ന പോലെ സുഖമുള്ള ഒരു അനുഭൂതിയാണ്. ആ കടലാണ് യേശു. നമ്മുടെ അപൂർണ്ണതകളെ പൂർണ്ണമാക്കുന്നവൻ. നമ്മിലെ അന്ധകാരത്തെ തന്റെ വെളിച്ചം കൊണ്ട് റദ്ദാക്കുന്നവൻ. വെളിച്ചത്തെ അനുഗമിക്കുന്നതിലും സന്തോഷമുള്ള വേറെ എന്താണുള്ളത്?

ഈ ലോകത്തിനു അനുരൂപരാകരുത്

'നിങ്ങൾ ഈ ലോകത്തിനു അനുരൂപരാകരുത്. പ്രത്യുത നിങ്ങളുടെ മനസ്സിന്റെ നവീകരണം വഴി രൂപാന്തരപ്പെടുവിൻ. ദൈവഹിതം എന്തെന്നും നല്ലതും പ്രീതിജനകവും പരിപൂർണവുമായതും എന്തെന്നും വിവേചിച്ചറിയു

വാൻ അപ്പോൾ നിങ്ങൾക്ക് സാധിക്കും.' (റോമാ 12:2) ഇന്ന് നമ്മൾ വായിച്ചു കേട്ടതാണ്. ഒന്നാലോചിച്ചു നോക്കിയാൽ ജനിക്കുമ്പോൾ മുതൽ നാം ഈ ലോകത്തിനു അനുരൂപരാകാനുള്ള ഒരു ഓട്ടത്തിലാണ്. പലപ്പോഴും നമ്മൾ ജീവിക്കുന്നത് മറ്റുള്ളവരുടെ ഇഷ്ടങ്ങളെ നോക്കിയാണ്. ലോകത്തിന്റെ അംഗീകാരത്തിന് വേണ്ടിയാണു നമ്മൾ ചെയ്യുന്ന മിക്ക കാര്യങ്ങളും. ലോകം എക്കാലത്തും അതിന്റെ മോഹങ്ങളിലേക്കും മത്സരങ്ങളിലേക്കും നമ്മെ വിളിച്ചു കൊണ്ടിരിക്കും. സന്തോഷം മാത്രം പരമമായ ലക്ഷ്യം ആകുമ്പോൾ ഒന്നിലും തൃപ്തി ഇല്ലാത്ത ഒരവസ്ഥയിലേക്ക് മനുഷ്യൻ ചെന്നെത്തും. മറ്റുള്ളവരെ തോൽപ്പിച്ചാൽ മാത്രമേ വിജയിക്കൂ എന്നും സ്വന്തം കാര്യം നോക്കി മാത്രം നടക്കുന്നവനാണ് ഏറ്റവും മിടുക്കൻ എന്നുമൊക്കെയുള്ള ധാരണകളിലേക്കു നാം ചെന്നെത്തും. സോഷ്യൽ മീഡിയയുടെ ചുറ്റും ദിവസം മുഴുവൻ കറങ്ങുന്ന ഒരു സമൂഹമാണ് ഇന്ന് നമ്മുടേത്. ഉപഭോഗസംസ്കാരത്തിൽ അഭിരമിക്കുന്ന ഒരു വലിയ ആൾക്കൂട്ടം.

യേശുവിനെ അനുഗമിക്കുക എന്നാൽ ലോകത്തിന്റെ വഴിയിൽ നിന്നും അൽപ്പം മാറി നടക്കുക എന്നാണ്. ലോകത്തിനു ഭ്രാന്ത് എന്നു തോന്നിയ പല ഭ്രാന്തുകളും തെരഞ്ഞെടുത്ത ആളാണ് യേശു. പഴയ നിയമത്തിൽ ജീവജലത്തിന്റെ ഉറവയായ ദൈവത്തെ ഉപേക്ഷിച്ചു ജലം സൂക്ഷിക്കാൻ കഴിവില്ലാത്ത പൊട്ടക്കിണറുകൾ കുഴിച്ച ജനത്തെപ്പറ്റി ജെറമിയ പ്രവാചകൻ പറയുന്നുണ്ട്. (ജെറമിയ: 2: 13). ഇവിടെ ഇന്ന് യേശു തന്റെ അടുക്കൽ വന്നു ദാഹം മാറ്റാൻ ആണ് മനുഷ്യനെ വിളിക്കുന്നത്. ഇനി മേലിൽ നമുക്ക് പൊട്ടക്കിണറുകൾ കുഴിക്കേണ്ട ആവശ്യമില്ല. 2000 വർഷം മുമ്പ് ഒരാൾ നടന്ന വഴി ഇന്നും നമ്മുടെ മുന്നിൽ ഉണ്ട്. സമാധാനത്തിന്റെയും സന്തോഷത്തിന്റെയും നന്മയുടെയും വേറിട്ട വഴിയാണ് അത്. അന്ധകാരത്തിനു യാതൊരു അധികാരവും ഇല്ലാത്ത പ്രകാശത്തിന്റെ വഴി. നമുക്ക് ആ പ്രകാശത്തെ അനുഗമിക്കാം.

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com